(ബി) ഇല്ല.

(സി) കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ട് അതതു വർഷം ബഡ്ജറ്റ് ചെയ്യുകയും ചെലവഴിക്കുന്നതിൽ ശേഷിക്കുന്ന തുക തുടർന്നുള്ള വർഷങ്ങളിൽ ബഡ്ജറ്റ് ചെയ്ത് ചെലവഴിക്കുകയും ചെയ്യുന്ന രീതി തുടർന്ന് വരുന്നതിനാൽ കേന്ദ്ര പദ്ധതികൾക്ക് ലഭിക്കുന്ന ഫണ്ട് ലാപ്സാകുന്നില്ല.

എസ്. എസ്. എൽ. സി. ചോദ്യപേപ്പർ ചോർച്ചയുടെ അന്വേഷണം

19 [*130] ശ്രീ. ടി. കെ. ദേവകുമാർ:

,, മത്തായി ചാക്കോ:

,, എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ തവണത്തെ എസ്. എസ്. എൽ. സി. ചോദ്യപേപ്പർ ചോർച്ച യുടെ അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) എസ്. എസ്. എൽ. സി. ചോദ്യപേപ്പർ ചോർച്ച സംബന്ധിച്ച് കേസിലെ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ;

(സി) ഈ കേസിൽ ഏതെല്ലാം തരത്തിലുള്ള അന്വേഷണമാണ് നടത്തിയത്;

(ഡി) ഡിപ്പാർട്ടുമെന്റ് തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അന്വേഷണ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുമോ;

(ഇ) ഡിപ്പാർട്ടുമെന്റ് തലത്തിൽ നടത്തിയ അന്വേഷണങ്ങളിൽ കുറ്റക്കാരെ കണ്ടെത്തിയിട്ടുണ്ടോ;

(എഫ്) ഇതു സംബന്ധിച്ച് ക്രൈം ബ്രാഞ്ച് അന്വേഷണം പൂർത്തിയാക്കിയോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) കഴിഞ്ഞ വർഷത്തെ എസ്. എസ്. എൽ. സി. ചോദ്യപേപ്പർ ചോർച്ചയെ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത (ക്രൈം. നം.126/സി.ആർ/എ,ഡബ്ല്യൂ/05) കേസ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 6-10-2005 തീയതിയിലെ ഡബ്ല്യൂ.പി.(സി)13135/05-ാം നമ്പർ ഉത്തരവ് പ്രകാരം സർക്കാർ 29-10-2005-ൽ പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 16-11-2005-ൽ സി. ബി. ഐ.- ക്ക് കൈമാറിയിട്ടുണ്ട്.

(ബി) പ്രസ്തുത കേസ് ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തിവരവേ ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവു പ്രകാരം സി. ബി. ഐ.-ക്ക് കൈമാറിയിട്ടു ള്ളതും ആയത് സി.ബി. ഐ.-യുടെ അന്വേഷണത്തിലിരിക്കുന്നതുമാണ്.

(സി) ക്രൈം ബ്രാഞ്ചിന്റെ അന്വേഷണത്തിൽ ചോദ്യപേപ്പർ ചോർത്തിയ കുറ്റത്തിന് ബിന്ദു (1-ാം പ്രതി), സിന്ധു (2-ാം പ്രതി), സുരേഷ് കുമാർ (5-ാം പ്രതി), സുരേഷ് (6-ാം പ്രതി) എന്നിവരെയും വ്യാജരേഖകളും വിവരങ്ങളും നൽകി

LIBRARY ARCHIVES Kerala Legislative Assembly

അച്ചടി കരാർ നേടിയെടുത്തതിന് ചെന്നൈയിലെ M/s വിശ്വനാഥൻ പ്രിന്റേഴ്സ് ആന്റ് പബ്ലിഷേഴ്സിലെ ജനറൽ മാനേജർ രാജൻ വി. ചാക്കോ (3-ാം പ്രതി) അന്നമ്മ ചാക്കോ (4-ാം പ്രതി) ടി പ്രസിന്റെ ഉടമ സുബ്രഹ്മണ്യൻ (7-ാം പ്രതി) മുൻ പരീക്ഷാ ഭവൻ സെക്രട്ടറി രവീന്ദ്രൻ (8-ാം പ്രതി) മുൻ കോൺഫിഡൻഷ്യൽ സെക്ഷൻ സൂപ്രണ്ട് വിജയൻ നായർ എന്നിവരെ പ്രതി ചേർത്ത് അന്വേഷണം നടത്തി വരവെ ബഹു. കേരള ഹൈക്കോടതി ഉത്തരവുപ്രകാരം അന്വേഷണം സി. ബി. ഐ.-യെ ഏൽപ്പിച്ചു.

(ഡി & ഇ) 2005 മാർച്ചിലെ എസ്. എസ്. എൽ. സി. ചോദ്യപേപ്പർ ചോർച്ച സംബന്ധിച്ച് വകുപ്പു തലത്തിൽ അന്വേഷണം നടത്തിയിട്ടില്ല.

(എഫ്) പ്രസ്തുത കേസ് ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തി വരവെ ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം സി. ബി. ഐ.-ക്ക് കൈമാറിയിട്ടുള്ളതാണ്.

മൊബൈൽ ഫോൺ ഉപയോഗം

20 [*131] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനമോടിക്കുമ്പോൾ മൊബൈൽ ഫോണുകൾ ഉപയോഗിക്കുന്നതുവഴി വാഹനാപകടങ്ങൾ വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ മൊബൈൽ ഫോണുകൾ ഉപയോഗിക്കുന്നവർക്കെതിരെ ഏതെല്ലാം തരത്തിലുള്ള ശിക്ഷാ നടപടികൾ ആണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) വാഹനം ഓടിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നവരുടെ ഡ്രൈവിംഗ് ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) വാഹനമോടിക്കുമ്പോൾ മൊബൈൽ ഫോണുകൾ ഉപയോഗിച്ചതുവഴി വാഹനാപകടം ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ബി) വാഹനമോടിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നവർക്കെതിരെ 1988-ലെ മോട്ടോർ വെഹിക്കിൾസ് ആക്ടിന്റെ 184-ാം വകുപ്പ് പ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. മോട്ടോർ വാഹന വകുപ്പ് പരിശോധന നടത്തുന്ന സമയത്ത് ഇത്തരത്തിൽ വാഹനം ഓടിക്കുന്നവരിൽ നിന്നും പിഴ ഈടാക്കുകയും അവരുടെ ഡ്രൈവിംഗ് ലൈസൻസിന് അയോഗ്യത കൽപ്പിക്കുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(സി) കേന്ദ്ര മോട്ടോർ വാഹന ചട്ടം 21 (25) അനുസരിച്ച് മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ട് വാഹനം ഓടിക്കുന്നവരുടെ ലൈസൻസിന് അയോഗ്യത കൽപ്പിക്കുന്നതിനുള്ള നിയമം നിലവിലുണ്ട്. മോട്ടോർ വാഹന വകുപ്പ് വാഹന പരിശോധന നടത്തുന്ന സമയത്ത് മൊബൈൽ ഫോൺ ഉപയോഗിക്കുന്ന ഡ്രൈവർമാർക്കെതിരെ, ലൈസൻസ് അയോഗ്യത കൽപ്പിക്കുന്നതുൾപ്പെടെയുള്ള കർശന നടപടി സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly.